ബിവറേജസ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

35 (3244) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ :

(ബി) നാളിതുവരെ എത്ര പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ :

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമോ പി.എസ്.സി. വഴിയോ അല്ലാതെ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ കോർപ്പറേഷൻ സ്ഥിരപ്പെടുത്താൻ പോകുന്നു എന്നറിയുന്നത് ശരിയാണോ എങ്കിൽ എത്ര പേരെ സ്ഥിരപ്പെടുത്തുന്നു ;

(ഡി) കരാർ അടിസ്ഥാനത്തിലും. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കോർപ്പറേഷന്റെ സ്ഥിരം ജീവനക്കാരായി എത്ര പേർ ജോലി ചെയ്ത് വരുന്നുണ്ടെന്ന സ്റ്റേറ്റ്മെന്റ് നൽകുമോ ?

ഉത്തരം

(എ) കരാർ അടിസ്ഥാനത്തിൽ കോർപ്പറേഷൻ നേരിട്ട് ആരെയും നിയമിച്ചിട്ടില്ല.

(ബി&സി) മുകളിൽ (എ)-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബിവറേജ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 637 പേരും കോർപ്പറേഷന്റെ നിയതമായ നിയമനം ലഭിച്ച 290 പേരും മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) എന്നീ തസ്തികകളിൽ 2 പേരും അബ്കാരി തൊഴിലാളികളായി 1020 പേരും ലേബലിംഗ് ജോലിക്കാരായി 45 പേരും ജോലി ചെയ്യുന്നു.

വ്യാജചാരായ വില്പന സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

36 (3245) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

2004-05 വർഷത്തിൽ വ്യാജചാരായ വില്പന സംബന്ധിച്ച് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly